പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1252

04/02/2019-ൽ
മറുപടിയ്ക്ക്

**ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം<br>**ശ്രീ.പി.കെ. ശശി** | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;<br>(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അവ എന്ന് പൂർത്തിയാക്കാൻ കഴിയും എന്ന വിവരവും ലഭ്യമാക്കാമോ? | (എ) യും (ബി) യും | ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു<br>2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന ജി.എച്ച്.എസ് വെള്ളിനേഴി, 500 നും ആയിരത്തിനുമിടയിൽ കുട്ടികൾ പഠിക്കുന്ന മാരായമംഗലം ജി.എച്ച്.എസ്.എസ്, ഷൊർണ്ണൂർ ജി.എച്ച്.എസ്.എസ് എന്നിവയ്ക്ക് യഥാക്രമം 3 കോടി രൂപ, 1 കോടി രൂപയുടെ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അനുമതിക്ക് വിധേയമായി ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

Nanitha P

**സെക്ഷൻ ഓഫീസർ**